# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 111 — 28.01.2019-ൽ മറുപടിക്ക്

### ശബരിമല യുവതി പ്രവേശത്തെ തുടർന്നുള്ള അക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി.<br>ശ്രീമതി സി.കെ. ആശ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമല വിധി വന്നതിനുശേഷം ചില സംഘടനകളുടെ ഭാഗത്തുനിന്ന് കേരള സമൂഹത്തിന്റെ സ്വൈര ജീവിതത്തിനും മതേതരത്വത്തിനും ഭീഷണി ഉയർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശബരിമലയിലെ യുവതി പ്രവേശനവുമായുള്ള ബഹു. സുപ്രീം കോടതി വിധി വന്നതിനുശേഷം ചില സംഘടനകളുടെ ഭാഗത്തുനിന്ന് പ്രത്യേകിച്ച് ശബരിമല കർമ്മ സമിതി പ്രവർത്തകർ, മറ്റ് സംഘ പരിവാർ സംഘടനകൾ എന്നിവർ പ്രതിഷേധ സമരങ്ങളും, ഹർത്താലുകളും നടത്തുകയും ആയത് പല സ്ഥലങ്ങളിലും അക്രമാസക്തമാവുകയും ജനങ്ങളുടെ സ്വൈര്യ ജീവിതത്തിന് തടസ്സമായി തീരുകയും, മതേതരത്വത്തിന് ഭീഷണി ഉയർത്തുന്ന രീതിയിൽ വർഗ്ഗീയ സംഘർഷങ്ങൾക്ക് കാരണമാവുകയും ചെയ്തു. ഇതിലേയ്ക്ക് ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്യും, പ്രതികളെ അറസ്റ്റ് ചെയ്യും കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) കേരളീയ സമൂഹത്തിൽ ജാതി-മത സ്പർദ്ധ വളർത്തുന്നതിന് ചില ശക്തികൾ നടത്തുന്ന ആസൂത്രിത ശ്രമങ്ങളെ ഏതൊക്കെ തരത്തിൽ | (ബി) കേരളീയ സമൂഹത്തിൽ ജാതി-മത സ്പർദ്ധക്ക് ഇടയാക്കുന്ന പ്രവർത്തനങ്ങൾ നടത്തുകയും, അവയിൽ ഏർപ്പെടുകയും |

പ്രതിരോധിക്കുമെന്ന് വ്യക്തമാക്കുമോ;

ചെയ്യുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ശബരിമല യുവതി പ്രവേശത്തെ തുടർന്ന് സംസ്ഥാനത്ത് വ്യാപക അക്രമം അഴിച്ചുവിട്ട് ജനങ്ങളിൽ ഭീതി പടർത്തുന്ന സംഘടനകളെയും വ്യക്തികളെയും നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(സി) ശബരിമല യുവതി പ്രവേശത്തെ തുടർന്ന് സംസ്ഥാനത്ത് വ്യാപക അക്രമം അഴിച്ചുവിട്ട് ജനങ്ങളിൽ ഭീതി പടർത്തുന്ന സംഘടനകളെയും വ്യക്തികൾക്കെതിരെയും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 153 ഉൾപ്പെടെയുള്ള വകുപ്പുകൾ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സാധ്യതയുള്ളവരെ മുൻകൂട്ടി കണ്ടുപിടിച്ച് CrPC 151 വകുപ്പ് പ്രകാരം മുൻകരുതൽ തടങ്കൽ നടപടികളും സ്വീകരിച്ചു വരുന്നു.

(ഡി) പൊതുമുതൽ നശിപ്പിക്കുന്നവരുടെ പേരിൽ ഏതൊക്കെ തരത്തിലുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

(ഡി) പൊതുമുതൽ നശിപ്പിക്കുന്നവരുടെ പേരിൽ PDPP Act 1984 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ